TB Movie Panel

**#ComedyMovieFest**

# വിയറ്റ്നാം കോളനി

എഴുതിയത് : Jithin Sreedhar

ഒരു കോമഡി സിനിമയെ നിങ്ങൾക്ക് എപ്പോഴെങ്കിലും ഒരു ദുരന്തവുമായി കണക്റ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ടോ? ആ ചോദ്യത്തിന് ഉള്ള എന്റെ ഉത്തരമാണ് വിയറ്റ്നാം കോളനി. ആദ്യമായി ദൂരദർശനിൽ ഒരു ഞായറാഴ്ച വൈകിട്ട് 4ന് ഈ സിനിമ കാണുമ്പോൾ ആണ് ഒരു തെങ്ങ് വന്ന് വീടിന്റെ, കൃത്യമായി പറഞ്ഞാൽ ഞങ്ങളുടെ മുറിയുടെ മുകളിലേക്ക് വീണത്. ഇപ്പോഴും ഓർമ്മയുണ്ട്, കനകയുടെ ഉണ്ണിമോൾ പാതിരവായി നേരം പാടി മുഴുമിപ്പിച്ചിരുന്നില്ല അപ്പോൾ!

അന്ന് ഒരു പാതി മുറിഞ്ഞു പോയ സിനിമ നല്കിയ അസ്വസ്ഥക്ക് അപ്പുറം എന്തെങ്കിലും തോന്നിയിരുന്നോ എന്നറിയില്ല. വീടിനകത്ത് നിറഞ്ഞ വെള്ളവും, പൊട്ടിയ ഓടിന്റെ കഷ്ണങ്ങളും, ആകാശത്തു ബാക്കി നിൽക്കുന്ന മഴ തുള്ളികളും, മഴക്കാറ് മൂടിയ അന്തരീക്ഷമായിട്ടും വീടിനകത്ത് നിറഞ്ഞ പതിവിൽ കവിഞ്ഞ പ്രകാശവും സത്യത്തിൽ അന്നത്തേയ്ക്കാൾ ഇന്നാണ് എന്നെ ശ്വാസം മുട്ടിക്കുന്നത്. അത് കൊണ്ട് തന്നെ വ്യക്തിപരമായി ആദ്യ കാഴ്ച്ചയിൽ എന്നെ ഒട്ടുമേ ചിരിപ്പിക്കാത്ത, എന്നാൽ പിന്നീട് ഒരേ സമയം ചിരിയും നൊമ്പരവും പകർന്ന സിനിമയാണെനിക്ക് വിയറ്റ്നാം കോളനി!

കാലത്തിന് മുൻപേ പിറന്ന സിനിമ എന്ന് പറഞ്ഞാലും തെറ്റില്ല! അങ്ങനെ പറയാൻ കാരണം മറ്റൊന്നും അല്ല. സിദ്ധിക്ക് ഒരു ഇന്റർവ്യൂവിൽ പറയുന്നത് കേട്ടത്, ആ സിനിമ ഇറങ്ങിയ സമയത്ത് ഉണ്ടായ ഒരു ആരോപണം, ആ കുത്തക കമ്പിനിക്ക് അവിടുള്ളവർക്ക് എല്ലാം ഒരു ജോലി നൽകിയാൽ തീരുന്ന പ്രശ്നം അല്ലെ ഉള്ളു എന്ന് ആയിരുന്നു അത്രേ! അദ്ദേഹം തന്നെ പറയുന്നുണ്ട്, ഒരു പക്ഷെ, ഇന്നായിരുന്നു എങ്കിൽ പിറന്ന മണ്ണ് കൈയ്യേറുന്ന കുത്തക കമ്പനിയെ കുറിച്ച് അങ്ങനെ ഒരു ചോദ്യം തിരികെ കേൾക്കേണ്ടി വരില്ലായിരുന്നു എന്ന്!

സഫാരി ചാനലിൽ ആണ് ആ ഇന്റർവ്യൂ കിടക്കുന്നത്. അത് കേട്ടുകൊണ്ട് ഇരിക്കുമ്പോൾ സിദ്ധിക്ക് ലാൽ കൂട്ടുകെട്ടിലെ സിനിമകൾക്ക് എല്ലാമൊരു പ്രത്യേകതയുണ്ട് എന്ന് തോന്നിയിട്ടുണ്ട്. ഏത് സിനിമ എടുത്താലും അതിന് ഒരു വരി കഥ നിങ്ങൾക്ക് കണ്ടെത്താൻ ആകും! നമ്മളെ ത്രസിപ്പിക്കുന്ന, ബാക്കി കേൾക്കാൻ ഉത്സുകം കൊള്ളിക്കുന്ന, ഒറ്റ വരിയിൽ പറയാവുന്ന ഒരു കഥ! " അഗ്രഹാര വാസിയായ, സാത്വികൻ ആയ കൃഷ്ണമൂർത്തി എന്ന മനുഷ്യൻ, കള്ളന്മാരും ,പിടിച്ചു പറിക്കാരും

ഗുണ്ടകളും ഉള്ള ഒരു കോളനി ഒഴിപ്പിക്കാൻ ഇറങ്ങി പുറപ്പെടുന്നു. " സിദ്ധിക്ക് തന്നെ ആ ഇന്റർവ്യൂവിൽ പറയുന്ന ഇതിന്റെ ഒറ്റവരി കഥയാണിത്. ആലോചിക്കും തോറും ഒരു പക്ഷെ, മലയാളത്തിൽ ഇത്ര രസകരമായ ത്രെഡുകൾ ഉള്ള സംവിധായകർ വേറെ ഉണ്ടാകില്ല എന്ന് തന്നെ തോന്നി പോകുന്നു.

വിയറ്റ്നാം കോളനിയെ കുറിച്ച് അദ്ദേഹം പറയുന്ന മറ്റ് ചില കഥകളും ഉണ്ട്. അതിൽ ഒന്ന്, "ഇത് അല്ല ഇതിനപ്പുറം ചാടി കിടന്നവനാണ് ഈ കെ കെ ജോസഫ്" എന്ന മലയാളികളുടെ പുതു ചൊല്ലുമായി സ്റ്റെപ്പിൽ നിന്നും താഴേക്ക് ഇന്നസെന്റ് വീഴുന്ന രംഗം ഷൂട്ട് ചെയ്യത് ആണ്. നടുവിന് അല്പം വേദന ഒക്കെയുള്ള അദ്ദേഹത്തിന് ആ രംഗം ചെയ്യാൻ ഒരു മടി. അവസാനം ക്യാമറിയിൽ പതിയാത്ത വിധം ഒരു സ്ലോപ്പ് ഉണ്ടാക്കി, എണ്ണ ഒഴിച്ച് വഴുക്കനാക്കി, പാർക്കിൽ കുട്ടികൾ ഊർന്ന് ഇറങ്ങുന്ന ലാഘവത്തോടെ അദ്ദേഹത്തിന് താഴേക്ക് പതിക്കാൻ ഉള്ള സൗകര്യം ഒരുക്കുകയും, അതിൽ വിജയിക്കുയും ചെയ്തു. ശേഷം, മോഹൻലാൽ അതേ സ്റ്റെപ്പ് കൈയിൽ ഒരു പായയും ആയി തെഴെക്ക് വീഴുന്ന രംഗം എടുക്കാൻ തുടങ്ങുന്ന സമയം. ഇതേ സൗകര്യങ്ങൾ ഒരുക്കാൻ പണിപ്പെടുന്ന സഹപ്രവർത്തകരോട് അദ്ദേഹം അത് വേണ്ട എന്ന് പറയുകയും, ഒറ്റ ഷോട്ടിൽ, ഒർജിനൽ പടിയിലൂടെ അപാരമായ ടൈമിങ്ങോട് കൂടി താഴേക്ക് വീണ്, ഒരു നിമിഷത്തെ നിശബ്ദതക്ക് ശേഷം കൈയ്യടികൾ ഏറ്റ് വാങ്ങുകയും ചെയ്തു അത്രേ!

അധികം ദീർഘിപ്പിക്കുന്നില്ല. പട്ടാളം മാധാവിയമ്മയുടെ "ഭാ"യുടെ ഗാംഭീര്യം അനുഭവിക്കാത്ത, കെ കെ ജോസഫിന്റെ വീഴ്ച്ചയിൽ ചിരിക്കാത്ത, ഭീമാകാരമായ ഗേറ്റിനെ പോലും കുനിഞ്ഞു നോക്കുന്ന റാവുത്തരുടെ വലുപ്പം കണ്ട് ഒന്ന് പകച്ചു പോകാത്ത, മൂസാ സേട്ടിന്റെ ദയനീയത കണ്ട് സഹതാപം തോന്നാത്ത സാധാരണക്കാരനായ ഒരു മലയാളി പ്രേക്ഷകനുണ്ടാകുമോ?! ഏതായാലും, കോമഡി മൂവി ഫെസ്റ്റിവലിലേക്ക് എനിക്ക് അത്രെമേൽ മറക്കാൻ കഴിയാത്ത ഈ ഒരു സിനിമ കൂട്ടി ചേർത്തു കൊണ്ട് നിർത്തുന്നു. നന്ദി!